പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4629

20.10.2011 ൽ
മറുപടിയ്ക്ക്

## ന്യായവില മരുന്നുഷോപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ ; | | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സിവിൽസപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര ന്യായവില മരുന്നു ഷോപ്പുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | സിവിൽസപ്ലൈസ്കോർപ്പറേഷന്റെ കീഴിൽ 92 മാവേലി മെഡിക്കൽ സ്റ്റോറുകളാണ് നിലവിലുള്ളത്. ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മൂന്നു മെഡിക്കൽ സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്. |
| ബി) | സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ അമിതമായ വില ഈടാക്കുന്ന സാഹചര്യത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതൽ എല്ലാ ആശുപത്രികളോടും ചേർന്ന് ന്യായവില മരുന്ന് ഷോപ്പുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള (ഏകദേശം മൂന്നിൽ ഒന്ന്) മെഡിക്കൽ സ്റ്റോറുകളും ഗവൺമെന്റ് ആശുപത്രി കോമ്പൗണ്ടിലും പരിസരപ്രദേശങ്ങളിലുമായി പ്രവർത്തിച്ചുവരുന്നു. എല്ലാ താലൂക്ക് ആശുപത്രി കോമ്പൗണ്ടുകളിലും പരിസരപ്രദേശങ്ങളിലുമായി ഇനിയും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനം ആരംഭിക്കുവാനുള്ള സാധ്യതാപഠനം നടത്തുവാൻ മേഖലാ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ